## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2299** — **05.12.2018 -ൽ മറുപടിക്ക്.**

## റേഷൻ കാർഡ് മുൻഗണനാ പട്ടിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.പി അനിൽ കുമാർ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ കാർഡ് മുൻഗണനാ പട്ടികയിൽ നിന്നും ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ടവരെയാണ് ഒഴിവാക്കുവാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ ; | (എ) 1) സർക്കാർ/ അർദ്ധ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ/സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ (പാർട്ട്ടൈം ജീവനക്കാർ, താൽക്കാലിക ജീവനക്കാർ, ക്ലാസ്-IV തസ്തികയിൽ പെൻഷനായവർ, 5000/- രൂപയിൽ താഴെ പെൻഷൻ വാങ്ങുന്നവർ, 10,000/- രൂപയിൽ താഴെ സ്വാതന്ത്ര്യ സമര പെൻഷൻ വാങ്ങുന്നവർ ഒഴികെ)<br>2) ആദായനികുതി ഒടുക്കുന്നവർ<br>3) പ്രതിമാസ വരുമാനം 25,000/- രൂപയ്ക്ക് മുകളിലുള്ളവർ<br>4) സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ (പട്ടികവർഗ്ഗക്കാർ ഒഴികെ)<br>5) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ലാറ്റോ ഉള്ളവർ<br>6) നാല് ചക്രവാഹനം സ്വന്തമായി ഉള്ളവർ (ഏക ഉപജീവനമാർഗ്ഗമായ ടാക്സി ഒഴികെ)<br>7) കുടുംബത്തിൽ ആർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ, സ്വകാര്യസ്ഥാപന ജോലിയിൽ നിന്നോ 25,000/- രൂപയിൽ അധികം പ്രതിമാസ വരുമാനം ഉള്ളവർ.<br><br>എന്നിവർ ഉൾപ്പെടുന്ന കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | നാല് വർഷം മുമ്പ് മരിച്ചവർ പോലും ഇപ്പോഴും റേഷൻ പട്ടികയിൽ ഉൾപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഗുണഭോക്താക്കളുടെ പട്ടികയിൽ അടിയന്തരമായി തിരുത്തൽ വരുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സിവിൽ സപ്ലൈസ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | ഇതിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡ് മുൻഗണനാ പട്ടികയിൽ നിന്നും എത്ര പേരെ നീക്കം ചെയ്തിട്ടുണ്ട്; | (ഡി) | 2,75,130 റേഷൻ കാർഡുകൾ ആതായത് 13.75ലക്ഷം പേരെ മുൻഗണനാ പട്ടികയിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. |
| (ഇ) | റേഷൻകാർഡ് അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സത്യപ്രസ്താവന തെറ്റാണെന്ന് കണ്ട് നിയമനടപടി സ്വീകരിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ ? | (ഇ) | ആയത് ശ്രദ്ധയിൽപ്പെടുന്നപക്ഷം നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**